"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - രാജാക്കാട് ഗ്രാമപഞ്ചായത്ത് - 'രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം' എന്ന പ്രവൃത്തി - ഭേദഗതി -ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.1811/2020/ത.സ്വ.ഭ.വ 01/10/2020 — തീയതി, തിരുവനന്തപുരം,

പരാമർശം:- 1 28/01/2020-ലെ സ. ഉ (ആർ.റ്റി) നം.222/2020/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 പഞ്ചായത്ത് ഡയറക്ടറുടെ 21.08.2020-ലെ PAN/9385/2019/J 5(DP) നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം, 2019-2020 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ വാല്യം രണ്ടിൽ, 20% തുക വകയിരുത്തിയിരിക്കുന്ന വർക്കുകളിൽ ക്രമ നമ്പർ 2209 ആയി ഉൾപ്പെട്ട രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം എന്ന പ്രവൃത്തി നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹണം നടത്തുന്നതിന്, ടി പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. ഇത് സംബന്ധിച്ച ചെലവ് 4515-00-800-92 (NP) 'എന്നശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് എന്നും ഉത്തരവായിരുന്നു.

2) രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം എന്ന പ്രവൃത്തിയുടെ പ്രൊക്യൂർമെൻറ്/ കെട്ടിട നിർമ്മാണം നിർമ്മിതി കേന്ദ്രം മുഖേന നടത്തുന്നത് പ്രവൃത്തി കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നും ആയതിനാൽ 2020- 21 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക പഞ്ചായത്ത് എൻജിനീയറിങ് വിഭാഗത്തെ ഉപയോഗപ്പെടുത്തി നിർമാണം നടത്തുവാൻ കഴിയുമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് നിർമ്മാണം, നിർവ്വഹണം പഞ്ചായത്തിനെ ചുമതലപ്പെടുത്തിയാൽ നിർമ്മാണത്തിന്റെ പുരോഗതി, ഗുണനിലവാരം, പൂർത്തീകരണം എന്നിവ മെച്ചപ്പെട്ട രീതിയിൽ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സാധിക്കുമെന്ന് രാജക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ CCO ആയി നിശ്ചയിച്ചിട്ടുള്ള 4515-00-800-92 (NP) എന്ന ശീർഷകത്തിൽ നിന്നാണ് രാജക്കാട് ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിച്ച് നൽകേണ്ടത്. ആയതിനാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കേണ്ട വകുപ്പ് (procuring department) തദ്ദേശസ്വയംഭരണ വകുപ്പ് (എൻജിനീയറിങ് വിഭാഗം) ആണ്. ഈ സാഹചര്യത്തിൽ രാജക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് നിർമ്മിതികേന്ദ്ര മുഖേന പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയ ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി പ്രസ്തുത പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പ് (എൻജിനീയറിങ് വിഭാഗം) മുഖേന നിർവ്വഹണം നടത്തുന്നതിനുള്ള അനുമതി

നൽകി ഉത്തരവാകുന്നു.

4) പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

**പഞ്ചായത്ത്** ഡയറക്ടർ, തിരുവനന്തപുരം.

**ചീഫ്** എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ&ഇ) കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യവകുപ്പിന്റെ അംഗീകാരമുണ്ട്)**

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി.

**ഫിനാൻസ്** വകുപ്പ്(1376603/ഡെവ. 3/184/2019/ധന തീയതി 15.09.2020).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.[illegible]2 12:21:19 IST
Reason: Approved
**സെക്ഷൻ ഓഫീസർ**